വാല്യം 2, ലക്കം 4, ഒക്ടോബർ 2026

ബാംബൂ ഇൻഫോ

ബി ടി എസ് ജി - കെ എഫ് ആർ ഐ യിൽ നിന്നുള്ള ത്രൈമാസ വാർത്താക്കുറിപ്പ്





തരിശുഭൂമിയിൽ നിന്ന് മുളയുടെ പച്ചപ്പിലേക്ക്: ഒഡീഷയിലെ ഗോബിന്ദ മഹാപത്രയുടെ യാത്ര:

ഒരിക്കൽ നന്നായി സ്ഥാപിതമായാൽ, മുളക്കൂട്ടങ്ങൾ വീണ്ടും വളരുകയും വർഷങ്ങളോളം വിപണനയോഗ്യമാവുകയും ചെയ്യുന്നു. സ്വാഭാവിക പൂക്കാലം വരുന്നതുവരെ തലമുറകളിലേക്ക് കൈമാറാവുന്ന ഒരു സമ്പത്തായി മുളന്തോട്ടം നിലനിൽക്കുന്നു.

ഡെൻഡ്രോകലാമസ് സിക്കിമെൻസിസ്

നേപ്പാൾ മുതൽ ചൈനയിലെ തെക്കൻ യുനാൻ പ്രദേശം വരെ സ്വാഭാവികമായി കാണപ്പെടുന്ന മുളയിനം. ഈർപ്പമുള്ള ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് പ്രധാനമായും വളരുന്നത്. ഇന്ത്യയിൽ വടക്കുകിഴക്കൻ മേഖലകളിലും സമീപരാജ്യങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലും പ്രധാനമായും കാണപ്പെടുന്നു. കെട്ടിടനിർമാണം, ജലവാഹിനികൾ, കരകൗശല വസ്തുക്കൾ, പൾപ്പ്–പേപ്പർ, പാനൽ ബോർഡുകൾ നിർമാണം എന്നിവയ്ക്കായി ഉപയോഗിക്കുന്നു.

എഡിറ്റേഴ്സ് ഡെസ്ക്

പ്രിയ വായനക്കാരെ,

മുളയുമായി ബന്ധപ്പെട്ട വൈവിദ്ധ്യമാർന്ന വിഷയങ്ങൾ കൈമാറുവാൻ ഉദ്ദേശിച്ചിട്ടുള്ള 'ബാംബൂ ഇൻഫോ' ന്യൂസ്‌ലെറ്ററിന്റെ രണ്ടാം വാല്യത്തിലെ നാലാം ലക്കത്തിലേക്ക് ഏവർക്കും സ്വാഗതം!

ഈ ലക്കത്തിൽ മുള മേഖലയിലെ ലേഖനങ്ങൾ, അനുഭവങ്ങൾ, പുതിയ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഒഡീഷയിൽ ഏകദേശം 200 ഏക്കറിൽ മുള കൃഷി ചെയ്യുന്ന കർഷകനും മുള കൃഷിയിൽ താൽപ്പര്യമുള്ള വ്യക്തിയുമായ ഗോബിന്ദ മഹാപത്രയുടെ യാത്രയും ഈ ലക്കത്തിൽ അവതരിപ്പിക്കുന്നു.

കേരളത്തിലും ഒഡീഷയിലും നടന്ന ലോക മുള ദിനചരണത്തിന്റെ വാർത്തകളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുള കൃഷിയുടെ പ്രോത്സാഹനം, പരിസ്ഥിതി സംരക്ഷണം, സുസ്ഥിര ഉപജീവനമാർഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ വാർത്തകളിലൂടെ പരിചയപ്പെടുത്തുന്നു. കൂടാതെ, മുള മേഖലയിലെ സമീപകാല പ്രവർത്തനങ്ങളെയും പുതിയ വികസനങ്ങളെയും കുറിച്ചുള്ള വിവരങ്ങളും ഈ ലക്കം പങ്കുവയ്ക്കുന്നു.

കേരള വനഗവേഷണ സ്ഥാപനം കഴിഞ്ഞ നാൽപതു വർഷത്തിലേറെയായി മുളകളുമായി ബന്ധപെട്ടു നിരവധി ഗവേഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്താൽ പ്രവർത്തിക്കുന്ന ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അഥവാ ബി ടി എസ് ജി മുളകളുമായി ബന്ധപ്പെട്ട വൈവിധ്യ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഗവേഷകരുടെ കൂട്ടായ്മയാണ്. മുളകളുമായി ബന്ധപ്പെട്ട ഇനങ്ങൾ, നഴ്സറി, കൃഷിരീതികൾ, സംസ്കരണം, ഉപയോഗവുമായി ബന്ധപ്പെട്ട ഡിസൈനുകൾ, വാർത്തകൾ, പരിശീലന പരിപാടികളുടെ വിവരങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങൾ 'ബാംബൂ ഇൻഫോ' ന്യൂസ്‌ലെറ്റർ നിങ്ങളിലേക്ക് എത്തിക്കുന്നതായിരിക്കും.

ഈ കൂട്ടായ്മയിൽ നിങ്ങൾക്കും പങ്കാളികളാവാം. മുളയുമായി ബന്ധപ്പെട്ട നിങ്ങളുടെ അറിവുകളും, ആശയങ്ങളും ഞങ്ങളുമായി പങ്കുവെക്കുവാൻ താത്പര്യപ്പെടുന്നു.

ഞങ്ങളുടെ ഈ യാത്രയിൽ പങ്കാളികളാവുന്ന നിങ്ങൾക്കേവർക്കും നന്ദി.

പത്രാധിപ സമിതി
ബാംബൂ ഇൻഫോ

മുളയെ എങ്ങനെ തിരിച്ചറിയാം?

മുളകളുടെ വൈവിധ്യം മനസ്സിലാക്കുന്നതിനും അവയെ കൃത്യമായി രേഖപ്പെടുത്തുന്നതിനും മുളയെ ശരിയായി തിരിച്ചറിയുന്നത് വളരെ പ്രധാനമാണ്. ലോകത്ത് നിരവധി മുളവർഗങ്ങൾ കാണപ്പെടുന്നതിനാൽ, ഓരോ ഇനത്തെയും തിരിച്ചറിയാൻ അവയുടെ രൂപത്തിലും ഘടനയിലുമുള്ള വിവിധ സവിശേഷതകൾ ശ്രദ്ധാപൂർവം പരിശോധിക്കേണ്ടതുണ്ട്. മുളയെ തിരിച്ചറിയുമ്പോൾ പ്രധാനമായും റൈസോം (ഭൂകാണ്ഡം), തണ്ട് (culm), തണ്ടിന്റെ നിറവും ആകൃതിയും, നോഡുകളും ഇന്റർനോഡുകളും, ശാഖകളുടെ വിന്യാസം, തണ്ടിന്റെ പോളകൾ (culm sheath), ലിഗ്യൂൾ, ഓറിക്കിൾ, ഇലകൾ, പൂങ്കുലകൾ തുടങ്ങിയ സവിശേഷതകളാണ് പരിഗണിക്കുന്നത്. ഇവയിൽ ഒന്നോ രണ്ടോ സവിശേഷതകളെ മാത്രം ആശ്രയിക്കുന്നതിനുപകരം, നിരവധി സവിശേഷതകൾ ഒരുമിച്ച് പരിശോധിക്കുന്നതാണ് കൂടുതൽ കൃത്യമായ തിരിച്ചറിയലിന് സഹായകരം. പല മുളവർഗങ്ങളും വളരെ ദീർഘമായ ഇടവേളകളിലാണ് പൂക്കുന്നത്. അതിനാൽ പൂക്കളും പൂങ്കുലകളും എല്ലായ്പ്പോഴും കാണാൻ സാധിക്കണമെന്നില്ല. ഈ സാഹചര്യത്തിൽ തണ്ട്, ശാഖകൾ, ഇലകൾ, തണ്ടിന്റെ പോളകൾ തുടങ്ങിയ സവിശേഷതകൾ മുള തിരിച്ചറിയുന്നതിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നു. ആവശ്യമെങ്കിൽ ആധികാരിക ഹെർബേറിയം മാതൃകകളുമായി താരതമ്യം ചെയ്യുന്നതും വിദഗ്ധരുടെ സഹായം തേടുന്നതും കൃത്യമായ തിരിച്ചറിയലിന് സഹായിക്കും. ശാസ്ത്രീയമായ പേരു നൽകലിനപ്പുറം മുളകളുടെ തിരിച്ചറിയൽ നിരവധി കാര്യങ്ങൾക്ക് പ്രാധാന്യമുള്ളതാണ്. ഒരു പ്രദേശത്തെ മുളകളുടെ വൈവിധ്യം, വിതരണം, സംരക്ഷണാവസ്ഥ എന്നിവ മനസ്സിലാക്കുന്നതിനും ശരിയായ ഇനങ്ങളെ കൃഷിക്കും ഗവേഷണത്തിനും തിരഞ്ഞെടുക്കുന്നതിനും ഇത് സഹായിക്കുന്നു. അതോടൊപ്പം മുള വിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിര പരിപാലനം, ഉപയോഗം എന്നിവയ്ക്കും കൃത്യമായ ഇനങ്ങൾ വേർതിരിച്ചറിയുന്നതിന് ഒരു അടിസ്ഥാന ഘടകമാണ്. അതിനാൽ, മുളയെ തിരിച്ചറിയുന്നത് ഒരു പേര് കണ്ടെത്തുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; മുളയുടെ വൈവിധ്യത്തെയും പാരിസ്ഥിതിക പ്രാധാന്യത്തെയും വിഭവമെന്ന നിലയിലെ മൂല്യത്തെയും മനസ്സിലാക്കുന്നതിനുള്ള ആദ്യപടിയാണ്.

വി ബി. ശ്രീകുമാർ
കോർഡിനേറ്റർ
ബിടിഎസ്ജി - കെഎഫ്ആർഐ

വി. അനിത
അസ്സോസിയേറ്റ് കോർഡിനേറ്റർ
ബിടിഎസ്ജി - കെഎഫ്ആർഐ

തരിശുഭൂമിയിൽ നിന്ന് മുളയുടെ പച്ചപ്പിലേക്ക്: ഒഡീഷയിലെ ഗോബിന്ദ മഹാപത്രയുടെ യാത്ര

ഒരു മുളന്തോട്ടത്തിന് എത്ര വർഷം തുടർച്ചയായി ലാഭം നൽകാനാകും? ഇതിന് ഉത്തരം തേടുന്നതിനായി ഏകദേശം 200 ഏക്കറിൽ 1989 മുതൽ മുള കൃഷി ചെയ്യുന്ന ഒഡീഷയിലെ കർഷകനായ ഗോബിന്ദ മഹാപത്രയുമായി ഞങ്ങൾ സംസാരിച്ചു. വേൾഡ് വാച്ച് മാസികയ്ക്കായി തയ്യാറാക്കിയ ഒരു ലേഖനത്തിലൂടെ മുളക്കൃഷിയെ "Armchair Agriculture" (കുറഞ്ഞ ആവർത്തനാധ്വാനം ആവശ്യമായ കൃഷി) എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. പരമ്പരാഗത നാണ്യവിളകളിൽ നിന്ന് വ്യത്യസ്തമായി, മുളക്കൃഷിക്ക് ഓരോ സീസണിലും തുടർച്ചയായ കൃഷിപ്പണികളും വിതയ്ക്കലും ഉയർന്ന ഉൽപ്പാദനച്ചെലവുകളും ആവശ്യമായി വരുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിന്റെ അടിസ്ഥാനം. ഒരിക്കൽ നന്നായി സ്ഥാപിതമായാൽ, മുളക്കൂട്ടങ്ങൾ വീണ്ടും വളരുകയും വർഷങ്ങളോളം വിപണനയോഗ്യമാവുകയും ചെയ്യുന്നു. സ്വാഭാവിക പൂക്കാലം വരുന്നതു വരെ തലമുറകളിലേക്ക് കൈമാറാവുന്ന ഒരു സമ്പത്തായി മുളന്തോട്ടം നിലനിൽക്കുന്നു.

1989ൽ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി ഒഡീഷയിലേക്ക് മടങ്ങിയെത്തിയ ഗോബിന്ദ മഹാപത്ര, മറ്റുള്ളവർ പരിമിതികളായി കണ്ട തരിശുഭൂമിയിൽ സാധ്യതകൾ കണ്ടെത്തി. വരണ്ട പ്രദേശങ്ങളിൽ കൃഷി ചെയ്യാവുന്ന മറ്റ് വിളകളേക്കാൾ ദീർഘകാലാടിസ്ഥാനത്തിൽ മികച്ച സാമ്പത്തിക നേട്ടം മുള നൽകുമെന്ന വിശ്വാസത്തിൽ അദ്ദേഹം ആദ്യമായി മുളത്തൈകൾ നട്ടുപിടിപ്പിച്ചു. ഇന്ന്, 200 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന അദ്ദേഹത്തിന്റെ



മുളന്തോട്ടം സുസ്ഥിര കാർഷികവനവൽക്കരണത്തിലൂടെ ഗ്രാമീണ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്താനാകുമെന്നതിന്റെ മികച്ച ഉദാഹരണമാണ്.

2008നുശേഷം നാഷണൽ ബാംബൂ മിഷന്റെ ഭാഗമായി ഗുവാഹത്തിയിൽ നടത്തിയ നഴ്സറി പരിപാലനത്തിലും മുളക്കൃഷി സാങ്കേതിക വിദ്യകളിലുമുള്ള പ്രത്യേക പരിശീലനമാണ് അദ്ദേഹത്തിന്റെ കൃഷിരീതിക്ക് കൂടുതൽ വിപുലീകരണത്തിന് വഴിയൊരുക്കിയത്. മെച്ചപ്പെട്ട പ്രജനന സാങ്കേതികവിദ്യകളും നഴ്സറി പരിപാലനരീതികളും സ്വായത്തമാക്കി മടങ്ങിയെത്തിയ അദ്ദേഹം വാണിജ്യാടിസ്ഥാനത്തിലുള്ള ഒരു മുള നഴ്സറി വികസിപ്പിച്ചു. ഇതിലൂടെ സമീപത്തെ 100 മുതൽ 200 വരെ ഗ്രാമങ്ങളിൽ മുളക്കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. കർഷകർക്കും വനംവകുപ്പ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്ന മാസ്റ്റർ ട്രെയിനർ എന്നനിലയിലും അദ്ദേഹം

അംഗീകാരം നേടി.

മഹാപത്രയുടെ മുളക്കൃഷിരീതിയുടെ പ്രധാന സവിശേഷത വരണ്ട പ്രദേശങ്ങളിലെ മണ്ണിനും സൂക്ഷ്മകാലാവസ്ഥയ്ക്കും അനുയോജ്യമായ ഇനങ്ങൾ തിരഞ്ഞെടുക്കുന്നതാണ്. അദ്ദേഹത്തിന്റെ തോട്ടത്തിൽ പ്രധാനമായും കൃഷി ചെയ്യുന്നത് ഡെൻഡ്രോകലാമസ് സ്ട്രിക്റ്റസ് എന്ന മുളയിനമാണ്. 4 × 5 മീറ്റർ അകലത്തിലാണ് ഈ ഇനം നട്ടുപിടിപ്പിച്ചിരിക്കുന്നത്. താരതമ്യേന ഉയരം കുറഞ്ഞ വളർച്ചാരീതി കാരണം ശക്തമായ കാറ്റിലും ഈ മുളകൾ കടപുഴകി വീഴാനുള്ള സാധ്യത കുറവാണ്. കൂടാതെ, മറ്റ് വാണിജ്യപ്രാധാന്യമുള്ള ചില ഇനങ്ങളെ അപേക്ഷിച്ച് വരൾച്ചയെ കൂടുതൽ ഫലപ്രദമായി അതിജീവിക്കാനും ഇതിന് കഴിയും.

ഇടത്തരം അനുയോജ്യമായ സ്ഥലങ്ങളിൽ 6 × 5 മീറ്റർ അകലത്തിൽ ബാംബൂസ ന്യൂട്ടൻസ് കൃഷി ചെയ്യുന്നു. ഈ ഇനത്തിന് മിതമായ വരൾച്ചാ പ്രതിരോധശേഷിയുണ്ട്. കൂടുതൽ ജലസേചനം ആവശ്യമായ ബാംബൂസ വൾഗാരിസ് (പച്ച) എന്ന ഇനം 6 × 5 മീറ്റർ അകലത്തിൽ നട്ടുപിടിപ്പിക്കുകയും ജലലഭ്യത ഉറപ്പാക്കി വളർച്ചയും ഇലച്ചാർത്തും നിലനിർത്തുകയും ചെയ്യുന്നു. അതേസമയം, ബാംബൂസ ബാൽക്കോവ എന്ന ഇനത്തിന് 6 × 6 മീറ്റർ അകലം നൽകുന്നു. ഇങ്ങനെ ഓരോ ഇനത്തിന്റെയും വളർച്ചാസ്വഭാവവും പരിസ്ഥിതി ആവശ്യകതകളും പരിഗണിച്ചുള്ള കൃഷിരീതിയാണ് അദ്ദേഹം പിന്തുടരുന്നത്.

ഈ മുളത്തോട്ടത്തിൽ നിന്നുള്ള സാമ്പത്തിക നേട്ടങ്ങളും ശ്രദ്ധേയമാണ്. ഒരു ഏക്കറിൽ ഏകദേശം 180 മുതൽ 200 വരെ മുളക്കൂട്ടങ്ങൾ എന്ന നിലയിൽ കൃഷി ചെയ്യുന്നു. ഹെക്ടറിന് ഏകദേശം 419 മുളക്കൂട്ടങ്ങൾ എന്ന കണക്കും അദ്ദേഹം പിന്തുടരുന്നു. ഓരോ കൂട്ടത്തിലും ശരാശരി 10 പാകമായ മുളത്തണ്ടുകൾ ലഭിക്കുന്നുവെന്ന് കണക്കാക്കിയാൽ, പ്രതിവർഷം ഏകദേശം 2,000 മുളന്തണ്ടുകൾ വിളവെടുക്കാൻ സാധിക്കും. ഒരു മുളന്തണ്ടിന് വെറും 80 രൂപ ലഭിക്കുന്ന സാഹചര്യം പരിഗണിച്ചാലും, ഉൽപ്പാദനത്തിനും പരിപാലനത്തിനുമായി 25 ശതമാനം വരെ ചെലവ് മാറ്റിവെച്ചശേഷം ഒരു ഏക്കറിൽ നിന്ന് പ്രതിവർഷം ഏകദേശം 50,000 മുതൽ ഒരു ലക്ഷം രൂപ വരെ അറ്റവരുമാനം ലഭിക്കുന്നതായി അദ്ദേഹം വ്യക്തമാക്കുന്നു.

വിളവെടുപ്പ് ക്രമബദ്ധമായ രീതിയിൽ വിവിധ ഭാഗങ്ങളായി തിരിച്ച് നടത്തുന്നതിനാൽ വർഷംതോറും തുടർച്ചയായ തൊഴിൽ ലഭ്യമാക്കാനും സാധിക്കുന്നു. ഏകദേശം 40 മുതൽ 50 വരെ തൊഴിലാളികൾ ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. മൺസൂൺ കാലത്താണ് സാധാരണയായി വിളവെടുപ്പ് നിർത്തിവയ്ക്കുന്നത്. ഈ സമയത്ത് പുതിയ മുളങ്കൂമ്പുകൾ മുളച്ചുതുടങ്ങുന്നതിനാൽ അവയ്ക്ക് തടസ്സമില്ലാതെ വളരാൻ അവസരം നൽകേണ്ടതുണ്ട്. കൂടാതെ, മഴമൂലം മണ്ണ് ചെളിയായി മാറുന്നതിനാൽ വിളവെടുത്ത മുളത്തണ്ടുകൾ തോട്ടത്തിൽ നിന്ന് പുറത്തേക്ക് കൊണ്ടുപോകുന്നതും പ്രയാസകരമാണ്.

ഇന്ത്യയിൽ മുളയ്ക്ക് വലിയ വിപണിസാധ്യതയുണ്ടെങ്കിലും വിതരണശൃംഖലയുടെ ശിഥിലീകരണവും വാണിജ്യപ്രാധാന്യമുള്ള മുളയിനങ്ങളുടെ ലഭ്യതക്കുറവും മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഈ സാഹചര്യത്തിൽ ഗോബിന്ദ മഹാപാത്രയുമായുള്ള ഞങ്ങളുടെ സംഭാഷണം വിജയകരമായ ഒരു മുളക്കർഷകന്റെ അനുഭവം മാത്രമല്ല പങ്കുവയ്ക്കുന്നത്. ദീർഘകാല കാഴ്ചപ്പാട്, പ്രായോഗിക പരിചയം, അനുയോജ്യമായ സാങ്കേതികവിദ്യകളുടെ പ്രയോഗം, എന്നിവയും വ്യക്തമാക്കുന്നു. ഭൂമിയുടെ ഉൽപ്പാദനക്ഷമത കുറയുന്നതും കാലാവസ്ഥാ അനിശ്ചിതത്വങ്ങൾ വർധിക്കുന്നതും നേരിടുന്ന ചെറുകിട കർഷകർക്കും വാണിജ്യാടിസ്ഥാനത്തിൽ

കൃഷിചെയ്യുന്നവർക്കും മഹാപത്രയുടെ യാത്ര ഒരു പ്രചോദനമാണ്. ശരിയായ ഇനങ്ങൾ തിരഞ്ഞെടുക്കുകയും അനുയോജ്യമായ കൃഷി രീതികൾ സ്വീകരിക്കുകയും ചെയ്താൽ, മുളയ്ക്ക് ദീർഘകാല വരുമാനസ്രോതസ്സായും ഗ്രാമീണ ഉപജീവനത്തിന്റെ സുസ്ഥിര അടിത്തറയായും മാറാൻ കഴിയുമെന്ന് അദ്ദേഹത്തിന്റെ അനുഭവം തെളിയിക്കുന്നു.





ലോക മുള ദിനം 2026 ആചരിച്ചു

2026 ലെ ലോക മുള ദിനാചരണം സെപ്റ്റംബർ 18ന് കേരള വന ഗവേഷണ സ്ഥാപനം (കെ. എഫ്. ആർ. ഐ), പീച്ചിയിൽ നടന്നു. മുളയുടെ പാരിസ്ഥിതിക പ്രാധാന്യം, സംരക്ഷണം, സുസ്ഥിര ഉപയോഗം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനു വർഗീസ് പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് പങ്കെടുത്തവർക്ക് മുളത്തൈകൾ വിതരണം ചെയ്തു. കെ. എഫ്. ആർ. ഐ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വി. ബി. ശ്രീകുമാർ അധ്യക്ഷത വഹിക്കുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശ്രീ. കെ. കെ. സുബ്രഹ്മണ്യനും ശ്രീമതി ജോളി ജോർജും ആശംസകൾ അർപ്പിച്ചു. കെ. എഫ്. ആർ. ഐ സയന്റിസ്റ്റ് ശ്രീ. അരുൺ. വി. ആർ. നന്ദി രേഖപ്പെടുത്തി. തുടർന്ന് നടന്ന സാങ്കേതിക സെഷനിൽ ഡോ. വി. ബി. ശ്രീകുമാർ മുളയുടെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് നയിച്ചു. ആവാസവ്യവസ്ഥകളുടെ സംരക്ഷണം, പരിസ്ഥിതി സുസ്ഥിരത എന്നിവയിൽ മുളയ്ക്കുള്ള പങ്ക് അദ്ദേഹം വിശദീകരിച്ചു. "മുള നഴ്സറി പരിപാലനവും നടീൽ രീതികളും" എന്ന വിഷയത്തിൽ കെ. എഫ്. ആർ. ഐ ഫീൽഡ് സ്റ്റാഫ് ശ്രീ. ജിബി പി. ഒ. പ്രായോഗിക പരിശീലനം നൽകി. മുള നഴ്സറി പരിപാലനം, തൈകളുടെ പരിപാലനം, അനുയോജ്യമായ നടീൽ രീതികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പരിശീലനത്തിൽ പങ്കുവച്ചു. കർഷകർ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, കെ. എഫ്. ആർ. ഐ ശാസ്ത്രജ്ഞർ, ജീവനക്കാർ, വിദ്യാർഥികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.



സുസ്ഥിര മുള കൃഷിക്കുള്ള PRAMAAN സർട്ടിഫിക്കേഷൻ നേടി ഒഡീഷയിലെ മുള കർഷകൻ

ഒഡീഷ ബാംബൂ ഡെവലപ്മെന്റ് ഏജൻസി (ഒ.ബി.ഡി.എ) സംഘടിപ്പിച്ച ലോക മുള ദിനപരിപാടിയുടെ ഭാഗമായി, ഇന്ത്യൻ ഫോറസ്റ്റ് ആൻഡ് വുഡ് സർട്ടിഫിക്കേഷൻ സ്കീമിന് (ഐ. എഫ്. ഡബ്ല്യൂ. സി. എസ്) കീഴിലുള്ള PRAMAAN സർട്ടിഫിക്കറ്റ് സമ്മാനിച്ചതിലൂടെ ഒഡീഷയിലെ മുള മേഖലയ്ക്ക് ശ്രദ്ധേയമായൊരു നേട്ടം കൈവരിച്ചു. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രി ശ്രീ ഭൂപേന്ദർ യാദവ് ആണ് സർട്ടിഫിക്കറ്റ് സമ്മാനിച്ചത്. മന്ത്രാലയ സെക്രട്ടറി ശ്രീ തൻമയ് കുമാർ, ഐ എ എസ് , വനം വകുപ്പ് ഡയറക്ടർ ജനറൽ ശ്രീ സുശീൽ അവസ്തി, ഐ എഫ് എസ്, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. മയൂർഭഞ്ച് ജില്ലയിലെ ഗോബർധൻസുൽ, ലക്ഷ്മിപോസി സ്വദേശിയായ മുള കർഷകൻ ശ്രീ ഗോബിന്ദ മഹാപത്രയും ഒബിഡിഎ മിഷൻ ഡയറക്ടർ ശ്രീ കാർത്തിക് വി., ഐ എഫ് എസ് ചേർന്നാണ് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങിയത്. ഗോബർധൻസുൽ, റാണിഭോൾ എന്നിവിടങ്ങളിലായി നാല് പ്ലോട്ടുകളിലായി വ്യാപിച്ചുകിടക്കുന്ന 14.03 ഹെക്ടർ പ്രദേശത്തെയാണ് സർട്ടിഫിക്കേഷൻ ഉൾക്കൊള്ളുന്നത്. നിർമ്മാണം, ഫർണിച്ചർ തുടങ്ങിയ ആവശ്യങ്ങൾക്കായി കൃഷി ചെയ്യുന്ന ബാംബൂസ വൾഗാരിസ്, ബാംബൂസ ന്യൂട്ടൻസ്, ഡെൻഡ്രോകലാമസ് സ്ട്രിക്ട്സ് എന്നീ വാണിജ്യപ്രാധാന്യമുള്ള മുളയിനങ്ങൾ ഈ പ്രദേശത്തുണ്ട്.

എൻ. എ. ബി. സി. ബി അംഗീകാരമുള്ള സർട്ടിഫിക്കേഷൻ സ്ഥാപനത്തിന്റെ ഓഡിറ്റിന് ശേഷമാണ് സർട്ടിഫിക്കറ്റ് അനുവദിച്ചത്. 2026 ഓഗസ്റ്റ് 18 മുതൽ 2031 ഓഗസ്റ്റ് 17 വരെയാണ് സർട്ടിഫിക്കേഷന്റെ കാലാവധി. കൃഷിയിടത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുള നിയമാനുസൃതമായും സുസ്ഥിരമായും ലഭ്യമാക്കുന്നതാണെന്നും വിതരണ ശൃംഖലയിലുടനീളം അതിന്റെ ഉറവിടം കണ്ടെത്താൻ കഴിയുമെന്നും ഈ സർട്ടിഫിക്കേഷൻ ഉറപ്പുനൽകുന്നു. ഇതിലൂടെ വിപണിയിലെ വിശ്വാസ്യത വർധിക്കുകയും സർട്ടിഫൈഡ് മുളയ്ക്ക് ഉയർന്ന മൂല്യമുള്ള ആഭ്യന്തര, അന്താരാഷ്ട്ര







വിപണികളിൽ പ്രവേശിക്കാനുള്ള അവസരങ്ങൾ ലഭിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് (ഐ. ഐ. എഫ്. എം), ഭോപ്പാൽ മുഖേന ഒഡീഷ ബാംബൂ ഡെവലപ്മെന്റ് ഏജൻസി (ഒബിഡിഎ) ആണ് ഈ സംരംഭത്തിന് സാമ്പത്തിക സഹായവും ഏകോപനവും പിന്തുണയും നൽകിയത്. സുസ്ഥിര മുള കൃഷിയെ ഔപചാരിക സർട്ടിഫിക്കേഷൻ സംവിധാനങ്ങളുമായും വിപണി വികസനവുമായും ബന്ധിപ്പിക്കുന്നതിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഈ അംഗീകാരം. ഒഡീഷയിലെ മുള കർഷകർക്ക് തങ്ങളുടെ കൃഷിയിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന മുളയുടെ മൂല്യം വർധിപ്പിക്കാനും നിർമ്മാണം, ഫർണിച്ചർ നിർമാണം, മറ്റ് മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നിവയ്ക്കുള്ള സുസ്ഥിര അസംസ്കൃത വസ്തുവെന്ന നിലയിൽ മുളയുടെ പ്രാധാന്യം ശക്തിപ്പെടുത്താനും ഇത്തരം സർട്ടിഫിക്കേഷനുകൾ സഹായിക്കും. ലോക മുള ദിനപരിപാടിയുടെ ഭാഗമായി ലഭിച്ച ഈ അംഗീകാരം ഒഡീഷയിലെ മുള മേഖലയിലെ വളർന്നുവരുന്ന സാധ്യതകളെയാണ് എടുത്തുകാണിക്കുന്നത്. സുസ്ഥിര പരിപാലനം, സർട്ടിഫിക്കേഷൻ, വിപണന ബന്ധങ്ങൾ എന്നിവയിലൂടെ മുള കൃഷിയെ കൂടുതൽ മത്സരക്ഷമവും വാണിജ്യപരമായി ലാഭകരവുമായ ഉപജീവനമാർഗമായി വികസിപ്പിക്കാൻ കഴിയുമെന്നതിന്റെ ഉദാഹരണം കൂടിയാണിത്.

നാഷണൽ ബാംബൂ മിഷന്റെ നേതൃത്വത്തിൽ പൾപ്പ്, പേപ്പർ, ടെക്സ്റ്റൈൽ വ്യവസായങ്ങളിലെ മുളയുടെ സാധ്യതകൾ ചർച്ച നടത്തി

ഇന്ത്യാ ഗവൺമെന്റിന്റെ കൃഷികർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ബാംബൂ മിഷൻ (NBM), 2026 സെപ്റ്റംബർ 30ന് "Unlocking Bamboo's Potential for Pulp, Paper and Textiles: Towards a Green Industrial Future" എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു. മുളയെ സുസ്ഥിരമായ വ്യാവസായിക അസംസ്കൃത വസ്തുവായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യയിലെ മുള അധിഷ്ഠിത വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനുമായി മുള, പൾപ്പ്, പേപ്പർ, ടെക്സ്റ്റൈൽ മേഖലകളിലെ വിവിധ പങ്കാളികൾ ചർച്ചയിൽ ഒത്തുചേർന്നു.

പങ്കെടുത്തവരുടെ പരിചയപ്പെടുത്തലോടെ ആരംഭിച്ച സമ്മേളനത്തിൽ കൃഷികർഷക ക്ഷേമ മന്ത്രാലയത്തിലെ അഡീഷണൽ കമ്മീഷണർ ശ്രീമതി കംന ശർമ്മ പ്രാരംഭ പ്രസംഗം നടത്തി. ഹോർട്ടികൾച്ചർ കമ്മീഷണർ ഡോ. പ്രഭാത് കുമാറിന്റെ അധ്യക്ഷതയിൽ പ്രത്യേക പ്രഭാഷണവും നടന്നു. തുടർന്ന്, ശ്രീ. ഗ്രാന്റ് തോൺടൺ "മുളയെ അടിസ്ഥാനമാക്കിയുള്ള പൾപ്പ്, പേപ്പർ, ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ അവസരങ്ങൾ" എന്ന വിഷയത്തിൽ അവതരണം നടത്തി. മുളയുടെ നിലവിലെ ഉപയോഗം, ആഭ്യന്തര ആവശ്യകതയും ലഭ്യതയും, മൂല്യശൃംഖല വികസനം, സംസ്കരണ അടിസ്ഥാനസൗകര്യങ്ങൾ, മുള അധിഷ്ഠിത ഉൽപ്പാദന വ്യവസായങ്ങളുടെ വളർച്ചയെ ബാധിക്കുന്ന വെല്ലുവിളികൾ എന്നിവ സമ്മേളനത്തിൽ ചർച്ച ചെയ്തു. രാജ്യത്ത് വനേതര പ്രദേശങ്ങളിലെ മുളത്തോട്ടങ്ങൾ ഏകദേശം 78,500 ഹെക്ടറിലായി വ്യാപിച്ചുകിടക്കുന്നതായും 885 മുള മൂല്യശൃംഖല വികസന യൂണിറ്റുകളും 483 മുള നഴ്സറികളും നിലവിലുണ്ടെന്നും ചർച്ചയിൽ ചൂണ്ടിക്കാട്ടി. മുളയുടെ വർധിച്ചുവരുന്ന വ്യാവസായിക ആവശ്യകത നിറവേറ്റുന്നതിനായി മുളത്തോട്ട വികസനം, നഴ്സറി അടിസ്ഥാനസൗകര്യങ്ങൾ, മൂല്യശൃംഖലാ ബന്ധങ്ങൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഈ കണക്കുകൾ വ്യക്തമാക്കുന്നു.

പൾപ്പ്, പേപ്പർ, ടെക്സ്റ്റൈൽ മേഖലകളിൽ, പ്രത്യേകിച്ച് നാരുകളെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുടെ നിർമാണത്തിൽ, മുളയെ ഒരു സാധ്യതയുള്ള അസംസ്കൃത വസ്തുവായി ചർച്ച വിലയിരുത്തി. ഈ മേഖലകളിൽ മുളയുടെ ഉപയോഗം വർധിപ്പിക്കുന്നതിലൂടെ ആഭ്യന്തരതലത്തിലുള്ള മൂല്യവർധന, തൊഴിലവസര സൃഷ്ടി, പരിസ്ഥിതി സൗഹൃദ ഉൽപ്പാദന പ്രക്രിയകളുടെ വികസനം എന്നിവയ്ക്ക് അവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നും ചർച്ചയിൽ അഭിപ്രായപ്പെട്ടു.

മുള പൾപ്പിന്റെയും അനുബന്ധ വ്യാവസായിക ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരവും പ്രധാന ചർച്ചാവിഷയമായി. മുള പൾപ്പിന്റെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര ആവശ്യകത ഏകദേശം 26 ദശലക്ഷം മെട്രിക് ടണ്ണാണെന്നും ഉൽപ്പാദനം 18.5 ദശലക്ഷം മെട്രിക് ടണ്ണാണെന്നും കണക്കുകൾ സൂചിപ്പിച്ചു. കൂടാതെ, 11 ദശലക്ഷം മെട്രിക് ടൺ എന്ന വിശാലമായ ആഭ്യന്തര ആവശ്യകതയ്ക്കെതിരെ 9 ദശലക്ഷം മെട്രിക് ടൺ മാത്രമാണ് ലഭ്യതയെന്നും ചർച്ചയിൽ പരാമർശിച്ചു. ഈ കണക്കുകൾ മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഉൽപ്പാദനശേഷി, ആവശ്യകതവിതരണ അന്തരം എന്നിവ കൂടുതൽ വിശദമായി വിലയിരുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

വ്യവസായങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഗുണമേന്മയുള്ള മുള സ്ഥിരമായി ലഭ്യമാക്കുന്നതിനുള്ള വിശ്വസനീയമായ വിതരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യവും സമ്മേളനം ഊന്നിപ്പറഞ്ഞു. മുളത്തോട്ടങ്ങൾ വികസിപ്പിക്കുക, മുള ശേഖരണസംയോജന സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, കർഷകർ, കർഷക ഉൽപ്പാദക സംഘടനകൾ, വ്യവസായങ്ങൾ എന്നിവ തമ്മിലുള്ള ഫലപ്രദമായ ബന്ധങ്ങൾ ഉറപ്പാക്കുക തുടങ്ങിയവ പ്രധാന മുൻഗണനകളായി തിരിച്ചറിഞ്ഞു.

മുള അധിഷ്ഠിത പൾപ്പ്, പേപ്പർ, ടെക്സ്റ്റൈൽ വ്യവസായങ്ങളുടെ വളർച്ചയെ ബാധിക്കുന്ന നിരവധി വെല്ലുവിളികളും ചർച്ചയിൽ ഉയർന്നുവന്നു. ശിഥിലമായ വിതരണ ശൃംഖലകൾ, ദുർബലമായ വിപണി ബന്ധങ്ങൾ, അപര്യാപ്തമായ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ, വലിയ തോതിലുള്ള ഉൽപ്പാദന ശേഷിയുടെ കുറവ്, സാമ്പത്തിക ഗതാഗത പരിമിതികൾ എന്നിവ പ്രധാന തടസ്സങ്ങളായി ചൂണ്ടിക്കാട്ടി. പ്രത്യേകിച്ച്, ഉയർന്ന ഗതാഗതച്ചെലവ് വ്യാവസായിക പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രധാന പ്രശ്നമായി വിലയിരുത്തപ്പെട്ടു.

വ്യാവസായിക ആവശ്യങ്ങൾക്ക് അനുയോജ്യമായ മുളയിനങ്ങളുടെ ലഭ്യതയും നിർണായക വെല്ലുവിളിയായി തിരിച്ചറിഞ്ഞു. നിലവിൽ വ്യാപകമായ മുളത്തോട്ടങ്ങൾ ഉണ്ടെങ്കിലും, അവയിൽ ഗണ്യമായൊരു ഭാഗത്ത് പ്രത്യേക വ്യാവസായിക ആവശ്യങ്ങൾക്കും ടെക്സ്റ്റൈൽ നിർമാണത്തിനും അനുയോജ്യമല്ലാത്ത ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. വ്യാപകമായി കൃഷി ചെയ്യുന്ന ഡെൻഡ്രോകലാമസ് സ്ട്രിക്റ്റസ് എന്ന ഇനം ടെക്സ്റ്റൈൽ നിർമാണത്തിന് അനുയോജ്യമല്ലെന്ന് ചർച്ചയിൽ ചൂണ്ടിക്കാട്ടി. അതിനാൽ, ടെക്സ്റ്റൈൽ, പൾപ്പ് നിർമാണത്തിന് അനുയോജ്യമായ ബാംബൂസ ബാൽക്കോവ, ബാംബൂസ ട്യുൽഡ, ഡെൻഡ്രോകലാമസ് ബ്രാൻഡിസി തുടങ്ങിയ ഇനങ്ങളുടെ വിവിധ പ്രദേശങ്ങളിലെ ലക്ഷ്യബദ്ധമായ പ്രജനനവും വ്യാപനവും ആവശ്യമാണ്.

തുടർച്ചയായ അസംസ്കൃത വസ്തു ലഭ്യതയുടെ അഭാവം, ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങളുടെ കുറവ്, വിവിധ ഭൂമിശാസ്ത്ര മേഖലകളിൽ മുളയിലെ ലിഗ്നിൻ, ഹെമിസെല്ലുലോസ് എന്നിവയുടെ രാസഘടനയിലുണ്ടാകുന്ന വ്യത്യാസങ്ങൾ എന്നിവ ഉൽപ്പന്നങ്ങളുടെ ഏകീകൃത ഗുണനിലവാരം ഉറപ്പാക്കുന്നതിന് തടസ്സമാകുന്നതായും വിലയിരുത്തി.

ഈ സാങ്കേതിക വെല്ലുവിളികൾ പരിഹരിക്കുന്നതിന് വ്യക്തമായ നയരൂപീകരണത്തോടൊപ്പം ശാസ്ത്രീയമായ തിരിച്ചറിയൽ, പരിശോധന, വിശകലന സംവിധാനങ്ങൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി. വിവിധ മുളയിനങ്ങളിലെ നാരുകളുടെ രാസയാന്ത്രിക സവിശേഷതകൾ തിരിച്ചറിയുകയും ഗുണപരവും അളവുപരവുമായ വിശകലനങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട്. കോട്ടൺ, മുള നാരുകൾ, വിസ്കോസ് മുള നാരുകൾ തുടങ്ങിയവയുടെ സവിശേഷതകൾ വിലയിരുത്തുന്നതിനൊപ്പം, വിവിധ പ്രദേശങ്ങളിലെ മുളയിൽ ലിഗ്നിൻ, ഹെമിസെല്ലുലോസ് എന്നിവയുടെ അളവിലുണ്ടാകുന്ന വ്യത്യാസങ്ങൾ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ എങ്ങനെ ബാധിക്കുന്നു എന്നതും പഠിക്കേണ്ടതുണ്ട്.

മുള അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ മത്സരക്ഷമത വർധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ മേഖലകൾ, മുള കർഷകർ എന്നിവർ ഏകോപിതമായി പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി. സംസ്കരണ സാങ്കേതികവിദ്യകളിൽ ലക്ഷ്യബദ്ധമായ നിക്ഷേപം, കർശനമായ ഗുണനിലവാര

മാനദണ്ഡങ്ങൾ, കാര്യക്ഷമമായ ഗതാഗത ശേഖരണ സംവിധാനങ്ങൾ, ശക്തമായ വിപണി ബന്ധങ്ങൾ എന്നിവയിലൂടെ ഇന്ത്യയിലെ മുള അധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കാനാകുമെന്ന് ചർച്ച വിലയിരുത്തി.

കറവപ്പശുക്കൾക്കുള്ള അനുബന്ധ കാലിത്തീറ്റയായി മുളയുടെ സാന്ദ്രീകൃത ഉൽപ്പന്നത്തിന് പകർപ്പവകാശ രജിസ്ട്രേഷൻ

മുളയെ അടിസ്ഥാനമാക്കിയുള്ള നൂതന ആശയങ്ങളുടെയും കന്നുകാലിത്തീറ്റയുടെയും മേഖലയിൽ ശ്രദ്ധേയമായ ഒരു നേട്ടമായി "Bamboo Concentrate as a Supplementary Fodder for Milch Animals" എന്ന ഉൽപ്പന്നത്തിന് പകർപ്പവകാശ രജിസ്ട്രേഷൻ ലഭിച്ചു. ഡോ. യോഗേഷ് യാദവ്റാവു സംതാനെ, ഡോ. എസ്. വി. സത്യനാരായണ രാജു എന്നിവർ ചേർന്നാണ് ഇത് വികസിപ്പിച്ചത്. കർണാടകയിലെ കാകുഡ്ഗിരി സേവാ ട്രസ്റ്റും ഇതിന്റെ പകർപ്പവകാശ ഉടമകളിൽ ഉൾപ്പെടുന്നു. കറവപ്പശുക്കൾക്കുള്ള അനുബന്ധ കാലിത്തീറ്റയായി മുളയുടെ സാന്ദ്രീകൃത ഉൽപ്പന്നം ഉപയോഗിക്കുന്നതിനുള്ള സാധ്യതകളാണ് അവതരിപ്പിക്കുന്നത്.

പരമ്പരാഗത ഉപയോഗങ്ങൾക്കപ്പുറം മുളയെ പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതനമായ ഒരു സമീപനമാണിത്. കന്നുകാലി പരിപാലന മേഖലയ്ക്ക് പ്രയോജനം ചെയ്യുന്നതിനൊപ്പം മൂല്യവർധിത മുള ഉൽപ്പന്നങ്ങളുടെ വികസനത്തിനും ഈ സംരംഭം പുതിയ സാധ്യതകൾ തുറന്നിടുന്നു. ഈ ഉൽപ്പന്നത്തിന്റെ പകർപ്പവകാശ രജിസ്ട്രേഷൻ, ഈ നൂതന ആശയത്തിന് അംഗീകാരവും സംരക്ഷണവും നൽകുന്നതിലെ ഒരു പ്രധാന ചുവടുവയ്പ്പാണ്. കൃഷി, അനുബന്ധ മേഖലകൾ എന്നിവയ്ക്ക് പ്രയോജനകരമാകുന്ന പുതിയ ഉപയോഗങ്ങൾ കണ്ടെത്തുന്നതിലൂടെ മുള മേഖലയിലെ ഗവേഷണം, മൂല്യവർധന, വൈവിധ്യവൽക്കരണം എന്നിവയ്ക്കുള്ള സാധ്യതകൾ വർധിച്ചുവരുന്നതായും ഇത് വ്യക്തമാക്കുന്നു. ഇത്തരം നൂതന ആശയങ്ങൾ മുളയെ പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും മുളയുടെ മൂല്യശൃംഖല വികസിപ്പിക്കുന്നതിനും സഹായകമാകും. കൂടാതെ, ഗവേഷണം, സംരംഭകത്വം, പ്രകൃതിവിഭവങ്ങളുടെ സുസ്ഥിരമായ വിനിയോഗം എന്നിവയ്ക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ ഇവയ്ക്ക് കഴിയും.

മാർഗ്ഗനിർദ്ദേശങ്ങൾ

ഞങ്ങളുടെ വരാനിരിക്കുന്ന ലക്കങ്ങൾക്കായി മുളയുമായി ബന്ധപ്പെട്ട വർത്തമാനകാല സംഭവങ്ങളുടെ മുഴുനീള ലേഖനങ്ങൾ, വാർത്താ സ്നിപ്പെറ്റുകൾ, റിപ്പോർട്ടുകൾ, അറിയിപ്പുകൾ എന്നിവ ബാംബൂ ഇൻഫോയിലേക്ക് സംഭാവന ചെയ്യാൻ നിങ്ങളെ ക്ഷണിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഇനിപ്പറയുന്നവ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുത്താതെ വിപുലമായ വിഷയങ്ങളിലുള്ള ഗവേഷണ അറിവുകൾ ഞങ്ങൾ സ്വാഗതം ചെയ്യുന്നു:

സ്പോട്ട്ലൈറ്റ്: നിങ്ങൾക്ക് താൽപ്പര്യമുള്ള മുളയുടെ ഏതെങ്കിലും ഗവേഷണ വിഷയത്തെക്കുറിച്ച് നിങ്ങളുടെ അറിവും വൈദഗ്ധ്യവും പങ്കിടുക. കൂടുതൽ ശ്രദ്ധ അർഹിക്കുന്ന മുള മേഖലയിലെ കാലികമായ ഒരു വിഷയം നിങ്ങൾക്ക് ഇതിലൂടെ വായനക്കാരെ പരിചയപ്പെടുത്താം.

ഔട്ട് ഓഫ് ദി ബോക്സ്: മുളയെ അതുല്യവും ക്രിയാത്മകവുമായ രീതിയിൽ ഉപയോഗിക്കുന്ന ഒരു ഡിസൈൻ ആശയം, പുതുമ നിറഞ്ഞ ഒരു ഉൽപ്പന്നം അല്ലെങ്കിൽ നൂതനതമായ ആശയം എന്നിവ നിങ്ങളുടെ പക്കലുണ്ടോ? അതിനെക്കുറിച്ച് കേൾക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു! ഉപയോഗിച്ച മുളയുടെ ഇനം, അളവുകൾ, മറ്റ് പ്രസക്തമായ വിശദാംശങ്ങൾ എന്നിവ വിവരിക്കുന്ന ഒരു ചിത്രീകരിച്ച കുറിപ്പ് സമർപ്പിക്കുക. ഡിസൈൻ യഥാർത്ഥമായിരിക്കണം.

സ്പീഷീസ് ഇൻ ഫോക്കസ്: നിങ്ങൾക്ക് ആകർഷകമായി തോന്നുന്ന ഒരു പ്രത്യേക ഇനം മുളയുണ്ടോ? അതിന്റെ പ്രത്യേകതകൾ, വളരുന്ന ആവാസവ്യവസ്ഥകൾ, പ്രധാന സവിശേഷതകൾ, നിർദ്ദിഷ്ട ഉപയോഗങ്ങൾ, കൃഷി, സാമ്പത്തിക സാധ്യതകൾ എന്നിവയെക്കുറിച്ചുള്ള നിങ്ങളുടെ അറിവുകൾ പങ്കിടുക.

റൂട്ട്സ്: മുളയ്ക്ക് സമ്പന്നമായ ഒരു സാംസ്കാരിക ചരിത്രമുണ്ട്, ഇന്നും പരമ്പരാഗത രീതികളിൽ അവയെ ഉപയോഗിക്കുന്നുണ്ട്. കാലത്തെ അതിജീവിച്ച ഇത്തരം മുള ഉൽപന്നങ്ങൾ, മുളയുടെ സാംസ്കാരിക ഉപയോഗങ്ങൾ, പരമ്പരാഗത സാങ്കേതികവിദ്യകൾ എന്നിവ പ്രദർശിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ക്രോണിക്കിൾസ്: മുളയെന്ന വിഭവത്തിന്റെ വികസനം, ഇതുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ, പരിശീലന പരിപാടികൾ, മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവുകൾ കേൾക്കാൻ ഞങ്ങൾ താൽപ്പര്യപ്പെടുന്നു.

ബാംബൂ ക്വിൽ: മുളയുടെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള നൂതനവും പ്രസക്തവുംആയ പുസ്തകങ്ങളോ പ്രസിദ്ധീകരണങ്ങളോ പരിചയപ്പെടുത്തുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു.

നിങ്ങളുടെ ലേഖനങ്ങൾ സമർപ്പിക്കുവാൻ അവ btsg@kfri.res.in *അല്ലെങ്കിൽ* btsgkfri@gmail.com എന്ന ഈമെയിൽ വിലാസത്തിലേക്കോ 9446505286 എന്ന വാട്സ്ആപ്പ് നമ്പറിലേക്കോ അയയ്ക്കുക.

ബാംബൂ ഇൻഫോ

വാല്യം 2, ലക്കം 4
ഒക്ടോബർ 2026

എഡിറ്റോറിയൽ ടീം

ഡോ. കണ്ണൻ സി എസ് വാര്യർ
ഡോ. വി ബി ശ്രീകുമാർ
ഡോ. വി അനിത
ഡോ. സുമ അരുൺ ദേവ്
ഡോ. ആർ ജയരാജ്
ഡോ. എ വി രഘു
ഡോ. സന്ദീപ് എസ്
ഡോ. എം അമൃത്
ഡോ. സിൽജോ ജോസഫ്
ഡോ. ഡൊണാൾഡ് ജെയിംസ്
ഡോ. ശ്രീജിത്ത് കെ എ
ഡോ. വേബിൾ പവൻ ശ്യാംറാവു
ശ്രീ. അരുൺ വി ആർ

ലേഔട്ട് & ഡിസൈൻ

ശ്രീമതി. പ്രസീത എ പി

കവർ ചിത്രം

വേലുപ്പാടം എഫ്.ആർ.സി.യിൽ നിന്നുള്ള ഡെൻഡ്രോകലാമസ് സിക്കിമെൻസിസ് മുളയിനം

ബാംബൂ ഇൻഫോയെ കുറിച്ച്

ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ബിടിഎസ്ജി) - കെഎഫ്ആർഐയിൽ നിന്നുള്ള ത്രൈമാസ വാർത്താക്കുറിപ്പാണ് ബാംബൂ ഇൻഫോ. ഉള്ളടക്കങ്ങൾ ബിടിഎസ്ജി - കെഎഫ്ആർഐയുടെ വ്യക്തിപരമായ കാഴ്ചപ്പാടുകളോ നയങ്ങളോ പ്രതിഫലിപ്പിക്കണമെന്നില്ല. ബിടിഎസ്ജി - കെഎഫ്ആർഐക്കും രചയിതാവിനും ക്രെഡിറ്റ് നൽകിയാൽ, ലേഖനങ്ങൾ നിരക്ക് ഈടാക്കാതെ വീണ്ടും അച്ചടിക്കാവുന്നതാണ്. എല്ലാ ചിത്രങ്ങളിലും ബിടിഎസ്ജി - കെഎഫ്ആർഐയെ നിർബന്ധമായും അംഗീകാരം ചെയ്തിരിക്കണം.

ബിടിഎസ്ജി - കെഎഫ്ആർഐയെ കുറിച്ച്

കേന്ദ്ര സർക്കാരിന്റെ കീഴിലെ ദേശീയ മുള മിഷന്റെ ധനസഹായത്തോടു കൂടി കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നതാണ് ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ബിടിഎസ്ജി - കെഎഫ്ആർഐ). വിവിധയിനം മുളയിനങ്ങൾ, അവയുടെ പ്ലാന്റേഷൻ, പ്രജനന മാർഗങ്ങൾ, സംസ്കരണം, വിപണനം, മുള മേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, അവയുടെ പരിശീലനം, കൂടാതെ വൈവിധ്യമാർന്ന ഉപയോഗങ്ങൾ, തുടങ്ങിയവയുമായി ബന്ധപ്പെട്ട് കർഷകർക്കും വിദ്യാർത്ഥികൾക്കും മറ്റ് സംരംഭകർക്കും വേണ്ട നിർദ്ദേശങ്ങൾ, വിവരങ്ങൾ എന്നിവ ബിടിഎസ്ജി - കെഎഫ്ആർഐ യിൽ നിന്നും ലഭിക്കുന്നതാണ്.

ബന്ധപ്പെടേണ്ട വിലാസം

ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് - കെഎഫ്ആർഐ
കെഎസ്സിഎസ്ടിഇ - കേരള വന ഗവേഷണ സ്ഥാപനം
പീച്ചി 680 653, തൃശൂർ, കേരളം, ഇന്ത്യ

0487-2690100
9446505286
btsg@kfri.res.in; btsgkfri@gmail.com
www.bambooinfo.in

ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് - കെഎഫ്ആർഐ
www.bambooinfo.in @BTSG-KFRI

© Copyright Bamboo Technical Support Group - KFRI. All Rights Reserved